# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 546 - 07.01.2014-ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

**ചോദ്യം** | **ഉത്തരം**

**ശ്രീ. സാജുപോൾ**

**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ 2013 ഒക്ടോബറിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്യോഗസ്ഥതല യോഗത്തിലെ തീരുമാനങ്ങൾ വിശദമാക്കാമോ; | ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഉള്ള ഉദ്യോഗസ്ഥതല സമിതി എല്ലാ റവന്യു റിക്കവറി നടപടികളിൻ മേലുമുള്ള സ്റ്റേ ഒഴിവാക്കുന്നതിനുവേണ്ട നടപടികൾ പരിഗണിച്ചു. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി എല്ലാത്തരം വരവിനങ്ങളിൻ മേലുമുള്ള കുടിശ്ശികകൾ അടിയന്തിരമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികളും അധിക വരുമാന വർദ്ധനവിനുള്ള മാർഗ്ഗങ്ങളും സമിതി പരിഗണിച്ചു. |
| (ബി) യോഗം ചർച്ച ചെയ്ത എന്തെല്ലാം തീരുമാനങ്ങൾ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി ചീഫ് സെക്രട്ടറി സമർപ്പിക്കുകയുണ്ടായി; ഇതേ തുടർന്ന് മന്ത്രിസഭായോഗം എടുത്ത തീരുമാനങ്ങളും അതേ തുടർന്ന് സ്വീകരിച്ച നടപടികളും വിശദമാക്കാമോ ? | റവന്യു റിക്കവറി നടപടികളിൻമേലുള്ള സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനും എല്ലാവിധ കുടിശ്ശികകളും പിരിച്ചെടുക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾക്കു പുറമെ വാണിജ്യ നികുതി, റവന്യു, രജിസ്ട്രേഷൻ, വനം, മോട്ടോർ വാഹന വകുപ്പുകളുമായി ബന്ധപ്പെട്ട അധിക ധനാഗമ മാർഗ്ഗങ്ങളും മന്ത്രിസഭയുടെ പരിഗണനയ്ക്കായി |

| | |
|---|---|
| | സമർപ്പിച്ചിരുന്നു. ഈ നിർദ്ദേശങ്ങൾ പരിഗണിച്ച ശേഷം പുറപ്പെടുവിച്ച 11.10.2013-ലെ 515/13/ധനം നമ്പർ ഉത്തരവു പ്രകാരം റവന്യു കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനും, നിരുപാധിക സ്റ്റേ ഉത്തരവുകൾ റദ്ദ് ചെയ്യാനും ഭാവിയിൽ നിരുപാധിക സ്റ്റേ അനിവദിക്കാതിരിക്കാനും അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ടുകൊണ്ട് കോടതിയിലുള്ള സ്റ്റേ ഒഴിവാക്കു ന്നതിനുള്ള നടപടി കൈക്കൊള്ളാനും എല്ലാ വകുപ്പുതല അപ്പലേറ്റ് അധികാരികളും 3 മാസത്തിനുള്ളിൽ അവർ അനുവദിച്ച സ്റ്റേ തീർപ്പാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാന ത്തിൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ ചിട്ടിരജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഫീസ് നിരക്കുകൾ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിലെ ചില സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**